"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.ശിവൻ.സി, ഹെഡ്ക്ലർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, ഭാരതീയ ചികിത്സാ വകുപ്പ് എന്നവരെ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2400/2025/LSGD തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:-
1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ.
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23/07/2025 -ലെ 1279/E1/2025/KSHO നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.ശിവൻ.സി, ഹെഡ്ക്ലർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, ഭാരതീയ ചികിത്സാ വകുപ്പ് എന്നവരെ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷനിൽ ഒഴിവുള്ള അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരാമർശം(3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ശിവൻ.സി, ഹെഡ്ക്ലർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, ഭാരതീയ ചികിത്സാ വകുപ്പ് എന്നവരെ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ കേരള സർവ്വീസ് റൂൾസ് ഭാഗം -1, ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനീത വി ആർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ.ശിവൻ.സി, ഹെഡ്ക്ലർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, ഭാരതീയ ചികിത്സാ വകുപ്പ്
(ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ് മുഖേന)
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/239/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 03-10-2025 12:25:51

സെക്ഷൻ ഓഫീസർ